**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷക സൗഹൃദ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീട്ടു പടിക്കൽ എത്തിക്കുന്നതിനും വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആന്റ് എക്സ്റ്റൻഷൻ ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ (എ-ഹെൽപ്പ്) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ്.<br><br>കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ കർഷകരുടെ വീട്ടുപടിക്കൽ സേവനം നൽകുന്നതിന് വകുപ്പിനെയും കർഷകരെയും ബന്ധിപ്പിക്കുന്ന കണ്ണികളായി പ്രവർത്തിക്കുന്നതിനും, കർഷകർക്ക് ആവശ്യമായ ബോധവത്ക്കരണം നൽകുന്നതിനുമാണ് എ-ഹെൽപ്പ് മാരുടെ സേവനം പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്, മൃഗാരോഗ്യവും, കന്നുകാലികളിൽ നിന്നുള്ള ഉൽപ്പാദനവും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അംഗീകൃത ഏജന്റായി പ്രവർത്തിക്കുന്നതിനാണ് എ-ഹെൽപ്പ്മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി വനിതകൾക്ക് പരിശീലനം നൽകി കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി മാർഗ്ഗരേഖയിൽ എ-ഹെൽപ്പകളായി തിരഞ്ഞെടുക്കേണ്ടത് പ്രാഥമികമായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ സ്വയംസഹായ ഗ്രൂപ്പുകളുടെ ഒരു വനിത അംഗമായിരിക്കണം എന്നാണ്. എ-ഹെൽപ്പ് പദ്ധതിയിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് കുടുംബശ്രീ വഴിയാണ്. കുടുംബശ്രീ വഴി തിരഞ്ഞെടുക്കുന്ന അംഗങ്ങൾക്ക് (പശുസഖികൾ) ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ |

| | | | |
|---|---|---|---|
| | | | വഴി പരിശീലനം നൽകുകയാണ് ചെയ്യുന്നത്. മേൽപ്രകാരം തിരഞ്ഞെടുക്കപ്പെട്ട് പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ആദ്യ ബാച്ച് (30 പേർ) പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്; ക്ഷീര കർഷകർക്ക് എങ്ങിനെയെല്ലാം ഇത് പ്രയോജനപ്പെടും; വിശദാംശം നൽകാമോ? | (സി) | കോഴികൾക്കുള്ള വാക്സിനേഷൻ, എൻ.എ.ഡി.സി.പി. പ്രവർത്തനങ്ങൾ, ആടുകളുടെയും, പന്നികളുടെയും ടാഗ്ഗിംഗ്, ഡാറ്റ എൻട്രി, വിരമരുന്ന് നൽകുന്നത് സംബന്ധിച്ച്, റേഷൻ ബാലൻസിംഗ് ചെയ്ത് തീറ്റയിൽ പ്രാദേശികമായി ലഭ്യമായ ഘടകങ്ങളെ ഉൽപ്പെടുത്തി തീറ്റ മിശ്രണം ചെയ്യുന്നതിന്, കന്നുകാലി കനേഷുമാരി സംബന്ധിച്ച്, കർഷകോപകാരപ്രദമായ വിജ്ഞാന വ്യാപന ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന്, 1962 കാൾ സെന്ററിന്റെ പ്രവർത്തനം, മൊബൈൽ വെറ്ററിനറി സർവ്വീസ് എന്നിവയുടെ പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും, കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിജ്ഞാന-വ്യാപന പ്രവർത്തങ്ങൾ ബാങ്കുകളുമായുള്ള ഏകോപനം കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സഹായം, മൃഗങ്ങളുടെ വിവരശേഖരണം, പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മൃഗാശുപത്രികളിലെ വിവിധ പദ്ധതികളുടെ ഡാറ്റ എൻട്രി, ഇയർ ടാഗിംഗ്, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സംബന്ധിച്ച അവബോധം സൃഷ്ടിക്കൽ, എത്ത്നോ വെറ്റിനറി മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുക, ഡിസീസ് റിപ്പോർട്ടിംഗ്, വിവിധ ലൈസൻസുകൾ ലഭ്യമാകുന്നത് സഹായിക്കുക, തെരുവ്നായ നിയന്ത്രണം പേവിഷബാധ നിയന്ത്രണം മുതലായവ സംബന്ധിച്ചുള്ള അവബോധം പൊതുജനത്തിന് നൽകുക.<br>മേൽ പരാമർശിച്ച വിഷയങ്ങളിൽ എ-ഹെൽപ്പമാർക്ക് പരിശീലനം നൽകുന്നത് വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കർഷക സൗഹൃദ അന്തരീക്ഷം സംജാതമാക്കുന്നതിനും ആയതുവഴി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ടതും സമയബന്ധിതവുമായ സേവനങ്ങൾ ലഭിക്കുന്നതിനും സഹായകമാകും. |

സെക്ഷൻ ഓഫീസർ